പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **221** — 18/06/2014-ൽ മറുപടിയ്ക്ക്

ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. എം. ഉമ്മർ | ശ്രീ. വി.എസ് ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും സാക്ഷ്യപ്പെടുത്തുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഔഷധ നിർമ്മാണശാലകളിൽ നിന്നും പൊതു വിപണിയിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ പരിശോധനയ്ക്ക് അയയ്ക്കുന്നു. തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലെ 9 സെക്ഷനുകളിൽ ഒരു സെക്ഷൻ ആയുർവേദ വിഭാഗത്തിന് മാത്രമായി പ്രവർത്തിക്കുന്നു. |

| | |
|---|---|
| | പരിശോധനയിൽ ഗുണനിലവാരം ഇല്ല എന്ന് ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത ഔഷധനിർമ്മാതാവിനെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എറണാകുളം കാക്കനാട്ടുള്ള റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ ആയുർവേദത്തിനായി ഒരു വിഭാഗം അനുവദിച്ചിട്ടുണ്ട്. |
| (ബി) ഗുണനിലവാരമില്ലാത്ത ആയുർവേദ മരുന്നുകൾ വിപണിയിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ സ്വീകരിച്ചിട്ടുള്ള നിയന്ത്രണ നടപടികൾ വ്യക്തമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ നിർമ്മിച്ച സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടിയും വകുപ്പുതല നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (സി) വ്യാജ പരസ്യം നൽകി ഉപഭോക്താക്കളെ കബളിപ്പിക്കുന്നതിനെതിരെ കർശനനടപടി സ്വീകരിക്കുകയും മരുന്നിന്റെ പുതിയ കോമ്പിനേഷനുകൾ ഫലപ്രദമായി പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുമോ? | (സി) വ്യാജ പരസ്യം നൽകി ഉപഭോക്താക്കളെ കബളിപ്പിക്കുന്നതിനെതിരെ കർശന നടപടികൾ Drugs and Magic Remedies (Objectionable Advertisement) Act -1954 പ്രകാരം സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ 105 കേസുകൾ വിവിധ കോടതികളിൽ നടന്നു വരുന്നു. ആയുർവേദമരുന്നിന്റെ പുതിയ കോമ്പിനേഷനുകൾ വിശദമായി പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന സംവിധാനം വകുപ്പിൽ ഇപ്പോൾ നിലവിലില്ല. എന്നാൽ ആയതിനുവേണ്ടിയുള്ള നടപടികൾ തുടർന്നു വരുന്നു. പുതിയ പേറ്റന്റ് & പ്രൊപ്രൈറ്ററി |

ഔഷധങ്ങൾക്ക് ലൈസൻസ്
നൽകുന്നതിനും ഫോർമുല
വിലയിരുത്തുന്നതിനായി ആയുഷ്
നിർദ്ദേശാനുസരണം സർക്കാർ ഒരു
എക്സ്പേർട്ട് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.
കമ്മിറ്റിയുടെ ശുപാർശയുടെ
അടിസ്ഥാനത്തിലാണ് പുതിയ
ഔഷധങ്ങൾക്ക് നിർമ്മാണാനുമതി
നൽകുന്നത്. പുതിയ മരുന്നുകളുടെ
ഫലപ്രാപ്തി തെളിയിക്കുന്നതിന് ക്ലിനിക്കൽ
ട്രയൽ ചെയ്യുന്നതിനായി തിരുവനന്തപുരം,
തൃപ്പൂണിത്തുറ, കോട്ടക്കൽ എന്നീ ആയുർവേദ
കോളേജുകളിലും, സേഫ്റ്റി സ്റ്റഡി
നടത്തുന്നതിന് തൃശ്ശൂർ കെയർ കേരളയിലും
വേണ്ട ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ